**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2873** **13-10-2021 - ൽ മറുപടിയ്ക്ക്**

**ജലജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ; | (എ) | രാജ്യത്തെ എല്ലാ ഗ്രാമീണ ഭവനങ്ങൾക്കും 2024 ഓടു കൂടി പ്രവർത്തന ക്ഷമമായ ടാപ്പുകളിലൂടെ ശുദ്ധമായ കുടിവെള്ളം നൽകി ജനങ്ങളുടെ ജീവിതഗുണനിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ജലജീവൻമിഷൻ പദ്ധതി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്നതിനോടൊപ്പം വിദ്യാലയങ്ങൾ, അംഗൻവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, പൊതു സ്ഥാപനങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിലും കുടിവെള്ള കണക്ഷനുകൾ നൽകുന്നതും പദ്ധതിയുടെ ഭാഗമാണ്. ഇതിന് പുറമെ ജലസ്രോതസുകളുടെ വികസനവും വിപുലീകരണവും, മലിനജല ശുദ്ധീകരണ - പുനരുപയോഗ പദ്ധതികൾ , ജലഗുണനിലവാര പരിശോധനാ സംവിധാനങ്ങൾ , മാനവശേഷി വികസന പരിശീലന പരിപാടികൾ, വിവര വിദ്യാഭ്യാസ ആശയ വിനിമയ പരിപാടികൾ എന്നീ പ്രവർത്തനങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു. |
| (ബി) | ഈ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവ് എത്ര തുക ചെലവഴിക്കേണ്ടിവരുമെന്ന് വെളിപ്പെടുത്തുമോ; പ്രതിമാസം ഇവർ ഉപയോഗിക്കുന്ന ജലത്തിന് ചാർജ്ജ് ഈടാക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ജല ജീവൻ മിഷൻ പദ്ധതിയുടെ മാർഗ്ഗ രേഖ പ്രകാരം പദ്ധതി ചെലവിന്റെ 10% ഗുണഭോക്താക്കൾ വഹിക്കേണ്ടതാണ്.ഓരോ പദ്ധതിയുടെയും എസ്റ്റിമേറ്റ് തുകയ്ക്കനുസരിച്ച ഗുണഭോക്തൃ വിഹിതത്തിന്റെ തുകയിൽ വ്യത്യാസം വരാം. ജല ജീവൻ മിഷൻ പദ്ധതി പ്രകാരം നൽകുന്ന കുടിവെള്ള കണക്ഷനുകൾക്ക് നിലവിലെ നിരക്കനുസരിച്ചുള്ള ചാർജ് ഈടാക്കുന്നതാണ്. |
| (സി) | കേന്ദ്ര സർക്കാർ ഈ പദ്ധതിയ്ക്കായി നാളിതുവരെ എത്ര തുക സംസ്ഥാനത്തിന് അനുവദിച്ചുവെന്നും ഇത് ചെലവഴിച്ചത് എപ്രകാരമെന്നും ജില്ലാടിസ്ഥാനത്തിൽ വിശദമാക്കുമോ; | (സി) | 2019-20 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ ജല ജീവൻ പദ്ധതികളുടെ നടത്തിപ്പിന് 101.29 കോടി രൂപയും 2020-21 സാമ്പത്തിക വർഷം 303.18 കോടി രൂപയും കേന്ദ്ര വിഹിതമായി |

| | | | |
|---|---|---|---|
| | | | അനുവദിച്ചിരുന്നു. 2021-22 സാമ്പത്തിക വർഷം 07-10-2021 വരെ 45114.77 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയുടെ (കേന്ദ്ര വിഹിതം) ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ഡി) | ഈ പദ്ധതി പ്രകാരം നാളിതുവരെ എത്ര കുടിവെള്ള കണക്ഷൻ അനുവദിച്ചിട്ടുണ്ട്; ജില്ലതിരിച്ച് വ്യക്തമാക്കാമോ? | (ഡി) | ജല ജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി 2020-21 ൽ 404464 കുടിവെള്ള കണക്ഷനുകളും 2021-22 -ൽ 06-10-2021 വരെ 355979 കണക്ഷനുകളും നൽകിയിട്ടുണ്ട് (ആകെ 760443). ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം 1</u>**

| **ക്രമ നം.** | **ജില്ല** | **04-10-2021 വരെ ചെലവഴിച്ച തുക ലക്ഷത്തിൽ (കേന്ദ്ര വിഹിതം)** |
|---|---|---|
| 1 | തിരുവനന്തപുരം | 5507.29 |
| 2 | കൊല്ലം | 4831.14 |
| 3 | പത്തനംതിട്ട | 2822.29 |
| 4 | കോട്ടയം | 4184.11 |
| 5 | ആലപ്പുഴ | 5660.61 |
| 6 | ഇടുക്കി | 1506.3 |
| 7 | എറണാകുളം | 3896.38 |
| 8 | തൃശ്ശൂർ | 3610.53 |
| 9 | പാലക്കാട് | 8320.32 |
| 10 | മലപ്പുറം | 8282.75 |
| 11 | കോഴിക്കോട് | 4760.81 |
| 12 | വയനാട് | 958.16 |
| 13 | കണ്ണൂർ | 5815.15 |
| 14 | കാസർഗോഡ് | 1864.8 |
| 14 | **ആകെ** | **62020.64** |

സെക്ഷൻ ഓഫീസർ

**അനുബന്ധം 2**

| ക്രമ നം. | ജില്ല | നൽകിയ കണക്ഷനുകൾ |
|---|---|---|
| 1 | തിരുവനന്തപുരം | 79811 |
| 2 | കൊല്ലം | 85427 |
| 3 | പത്തനംതിട്ട | 31523 |
| 4 | കോട്ടയം | 50513 |
| 5 | ആലപ്പുഴ | 89139 |
| 6 | ഇടുക്കി | 16651 |
| 7 | എറണാകുളം | 66424 |
| 8 | തൃശ്ശൂർ | 40925 |
| 9 | പാലക്കാട് | 111438 |
| 10 | മലപ്പുറം | 58640 |
| 11 | കോഴിക്കോട് | 34756 |
| 12 | വയനാട് | 6432 |
| 13 | കണ്ണൂർ | 72209 |
| 14 | കാസർഗോഡ് | 16555 |
| | **ആകെ** | **760443** |